# പതിനാലാം കേരള നിയമസഭ
# (പതിനൊന്നാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2981** **18.06.2018-ൽ മറുപടിയ്ക്ക്**

## കാരോട് പഞ്ചായത്തിൽ മത്സ്യത്തൊഴിലാളികൾക്കുള്ള ഫ്ലാറ്റുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. ആൻസലൻ | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) നെയ്യാറ്റിൻകര നിയോജകമണ്ഡല ത്തിലെ കാരോട് പഞ്ചായത്തിന്റെ പ്രദേശത്ത് നിർമ്മാണ പ്രവർത്തനം ആരംഭിച്ച ഫ്ലാറ്റിൽ എത്ര കുടുംബങ്ങൾക്ക് താമസസൗകര്യം ഉണ്ടാകും എന്ന് വ്യക്തമാക്കാമോ;എത്ര സ്ക്വയർ ഫീറ്റ് ആണ് ഓരോ കുടുംബത്തിനും ലഭിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കാരോട് പഞ്ചായത്ത് പ്രദേശത്ത് ഫിഷറീസ് വകുപ്പ് നിർമ്മിക്കുന്ന ഫ്ളാറ്റ് സമുച്ചയത്തിൽ 128 മത്സ്യത്തൊഴിലാളി കുടുംബങ്ങളെയാണ് പുനരധിവസിപ്പിക്കുന്നത്. 524 സ്ക്വയർ ഫീറ്റ് വിസ്തൃതിയുളള ഫ്ളാറ്റുകൾ നിർമ്മിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുളളത്. |
| ബി) ഫ്ലാറ്റ് നിർമ്മാണത്തിന് സർക്കാർ എത്ര കോടി രൂപയാണ് അനുവദിച്ചത് എന്ന് വ്യക്തമാക്കുമോ; | ബി) കാരോട് ഫ്ളാറ്റ് നിർമ്മാണത്തിനുളള 12.80 കോടി രൂപയുടെ എസ്റ്റിമേറ്റ് സാങ്കേതിക അനുമതി ലഭ്യമാക്കുന്നതിനായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് നൽകിയിരിക്കുകയാണ്. ആയതിനാൽ കാരോട് ഫ്ളാറ്റ് നിർമ്മാണത്തിനായി തുക-യൊന്നും അനുവദിച്ചിട്ടില്ല. |
| സി) ഫ്ലാറ്റ് നിർമ്മാണത്തിന് ഏതു വർഷത്തിൽ ആണ് ഭരണാനുമതി ലഭിച്ചത് എന്ന് വ്യക്തമാക്കാമോ; എപ്പോൾ ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കും എന്ന് വിശദമാക്കാമോ? | സി) 2017-18 സാമ്പത്തിക വർഷത്തിൽ ഗ്രീൻബുക്കിൽ ഉൾപ്പെടുത്തിയ ബി.ഐ.എഫ് & എച്ച്.ഡി.എഫ്. ഭവന പദ്ധതിയിൽ 200 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുളള ഫ്ളാറ്റ് അപ്പാർട്ട്മെന്റ് നിർമ്മാണം ഒരു ഘടകമായിരുന്നു. ഇതിനായി 20 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. അതിന്റെ അടിസ്ഥാനത്തിലാണ് ഫിഷറീസ് വകുപ്പ് കാരോട് വില്ലേജിൽ ഏറ്റെടുത്ത 105.55 ആർ സ്ഥലത്ത് ഊരാലുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി മുഖേന ഫ്ളാറ്റ് നിർമ്മിക്കുന്നതിനുളള നടപടികൾ സ്വീകരിച്ചിട്ടുളളത്. പ്രസ്തുത സ്ഥലത്ത് 128 മത്സ്യത്തൊഴിലാളി കുടുബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് തയ്യാറാക്കിയിട്ടുളള 1280 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ആഫീസർ